| 17-05-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ഇങ്ങനെയുള്ള ട്രസ്റ്റിയായി മാറൂ അതായത് ഒരു വസ്തുവിലും ആസക്തിയുണ്ടാകരുത്, ഒന്നും എന്റേതല്ല, ഇങ്ങനെ യാചകനായി മാറൂ.**

**ചോദ്യം-** നിങ്ങൾ കുട്ടികളുടെ പുരുഷാർത്ഥത്തിന്റെ ലക്ഷ്യം എന്താണ്?
**ഉത്തരം-** താങ്കൾ മരിച്ചാൽ ലോകവും മരിച്ചു- ഇതാണ് നിങ്ങളുടെ ലക്ഷ്യം. ശരീരത്തിൽ നിന്നും മമത്വം ഇല്ലാതാകണം. ഇങ്ങനെയുള്ള യാചകനായി മാറൂ പിന്നീട് ഒന്നും ഓർമ്മ വരരുത്. ആത്മാവ് അശരീരിയായി മാറണം. നമുക്ക് തിരിച്ചുപോകണം, അതുമാത്രം. ഇങ്ങനെ പുരുഷാർത്ഥം ചെയ്യുന്നവർ യാചകനിൽ നിന്നും രാജകുമാരനായി മാറും. നിങ്ങൾ കുട്ടികൾ തന്നെയാണ് യാചകനിൽ നിന്നും ധനവാനും, ധനവാനിൽ നിന്നും യാചകനുമായി മാറുന്നത്. നിങ്ങൾ എപ്പോഴാണോ ധനവാനായി മാറുന്നത് അപ്പോൾ ഒരാൾപോലും യാചകനായി ഉണ്ടാകില്ല.

**ഓംശാന്തി**. അച്ഛൻ കുട്ടികളോട് ചോദിക്കുന്നു ആത്മാവാണോ കേൾക്കുന്നത് അതോ ശരീരമാണോ കേൾക്കുന്നത്? (ആത്മാവ്) ആത്മാവാണ് തീർച്ചയായും കേൾക്കുന്നത് ശരീരത്തിലൂടെ. കുട്ടികൾ എഴുതുന്നതും അങ്ങനെയാണ് ഇന്ന ആത്മാവ് ബാപ്ദാദയെ ഓർമ്മിക്കുന്നു. ഇന്ന ആത്മാവ് ഇന്ന് ഇന്ന സ്ഥലത്തേയ്ക്ക് പോവുകയാണ്. നമ്മൾ ആത്മാക്കളാണ് എന്നത് ഇങ്ങനെ ശീലമാകുന്നു, എന്തുകൊണ്ടെന്നാൽ കുട്ടികൾക്ക് ആത്മാഭിമാനിയായി മാറണം. എവിടെ നോക്കിയാലും മനസ്സിലാകും ആത്മാവും ശരീരവുമുണ്ടെന്ന്, എന്നാൽ ഇദ്ദേഹത്തിൽ രണ്ട് ആത്മാക്കളുണ്ട്. ഒന്ന് ആത്മാവും അടുത്തത് പരമാത്മാവ് എന്നും പറയും. പരമാത്മാവ് സ്വയം പറയുന്നു ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുന്നു, ഇതിൽ ബ്രഹ്മാവിന്റെ ആത്മാവും പ്രവേശിച്ചിട്ടുണ്ട്. ശരീരമില്ലാതെ ആത്മാവിന് നിൽക്കാൻ കഴിയില്ല. ഇപ്പോൾ അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുമ്പോഴേ അച്ഛനെ ഓർമ്മിക്കൂ എന്നിട്ട് പവിത്രമായി മാറി ശാന്തിധാമത്തിലേയ്ക്ക് പോകും, മാത്രമല്ല എത്രത്തോളം ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുകയും ധാരണ ചെയ്യിക്കുകയും ചെയ്യുന്നുവോ, സ്വദർശന ചക്രധാരിയായി മാറുകയും മാറ്റുകയും ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. ഇതിൽ ആർക്കെങ്കിലും സംശയം വരുകയാണെങ്കിൽ ചോദിക്കാം. ഞാൻ ആത്മാവാണ് എന്നത് തീർച്ചയാണ്, ആരാണോ ബ്രാഹ്മണരായ കുട്ടികൾ അവരോടാണ് അച്ഛൻ പറയുന്നത്. മറ്റുള്ളവരോടല്ല പറയുന്നത്. കുട്ടികളോടാണ് പ്രിയം. ഏതൊരു അച്ഛനും കുട്ടികൾ പ്രിയം തന്നെയാണ്. മറ്റുള്ളവരോട് പുറത്ത് സ്നേഹം കാണിക്കുമെങ്കിലും ബുദ്ധിയിൽ ഉണ്ടാകും- ഇത് എന്റെ കുട്ടിയല്ല. ഞാൻ കുട്ടികളോടാണ് സംസാരിക്കുന്നത് എന്തുകൊണ്ടെന്നാൽ കുട്ടികളെയാണ് പഠിപ്പിക്കേണ്ടത്. ബാക്കി പുറത്തുള്ളവരെ പഠിപ്പിക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. ചിലരാണെങ്കിൽ പെട്ടെന്ന് മനസ്സിലാക്കും, ചിലരാണെങ്കിൽ കുറച്ച് മനസ്സിലാക്കിയിട്ട് പോകും. പിന്നീട് എപ്പോഴാണോ ഒരുപാട് വൃദ്ധിയുണ്ടാകുന്നത് അപ്പോൾ എന്താണെന്ന് നോക്കാനായി വീണ്ടും വരും. നിങ്ങൾ ഇതുതന്നെയാണ് മനസ്സിലാക്കിക്കൊടുക്കുക അതായത് അച്ഛൻ മുഴുവൻ ആത്മാക്കളോടും അഥവാ മക്കളോടും പറയുന്നു എന്നെ ഓർമ്മിക്കൂ. മുഴുവൻ ആത്മാക്കളേയും പാവനമാക്കി മാറ്റുന്നത് അച്ഛൻ തന്നെയാണ്. ബാബ പറയുന്നു എന്നെയല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്. എന്റെ അവ്യഭിചാരിയായ ഓർമ്മയുണ്ടെങ്കിൽ നിങ്ങളുടെ ആത്മാവ് പാവനമായി മാറും. ഞാൻ ഒരാൾ മാത്രമാണ് പതിതപാവനൻ. എന്റെ ഓർമ്മയിലൂടെ മാത്രമേ ആത്മാവ് പാവനമാകൂ അതിനാലാണ് പറയുന്നത്- കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ. അച്ഛൻ തന്നെയാണ് പതിതരാജ്യത്തിൽ നിന്നും പാവന രാജ്യമാക്കി മാറ്റുന്നത്, നമ്മെ മോചിപ്പിക്കുന്നത്. എവിടേയ്ക്ക് കൊണ്ടുപോകുന്നു? ശാന്തിധാമത്തിലേയ്ക്കും പിന്നീട് സുഖധാമത്തിലേയ്ക്കും.

പ്രധാനപ്പെട്ട കാര്യം പാവനമായി മാറുക എന്നതാണ്. 84 ന്റെ ചക്രത്തെ മനസ്സിലാക്കിക്കൊടുക്കുന്നതും സഹജമാണ്. ചിത്രം കാണുമ്പോഴാണ് നിശ്ചയം ഉറയ്ക്കുക അതിനാലാണ് ബാബ എപ്പോഴും പറയുന്നത് മ്യൂസിയം തുറക്കൂ അതും വളരെ ഷോയോടുകൂടി. എന്തെന്നാൽ ഷോ കാണുമ്പോൾ മനുഷ്യർ ആകൃഷ്ടരാകും. വളരെ അധികംപേർ വരും, നിങ്ങൾ ഇതുതന്നെ കേൾപ്പിക്കും അതായത് ഞങ്ങൾ അച്ഛന്റെ ശ്രീമതത്തിലൂടെ നടന്ന് ഇതായി മാറുകയാണ്. അച്ഛൻ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ അതുപോലെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. ബാഡ്ജ് തീർച്ചയായും കൂടെയുണ്ടാകണം. നിങ്ങൾക്ക് അറിയാം നമ്മൾ യാചകനിൽ നിന്നും രാജകുമാരനായി മാറും. ആദ്യം കൃഷ്ണനല്ലേ ഉണ്ടാവുക. ഏതുവരെ കൃഷ്ണനായി മാറുന്നില്ലയോ അതുവരെ നാരായണനായി മാറാൻ കഴിയില്ല. കുട്ടിയിൽ നിന്ന് വലുതാകുമ്പോഴാണ് നാരായണൻ എന്ന് പേരു ലഭിക്കുന്നത്. അതിനാൽ ഇതിൽ രണ്ട് ചിത്രങ്ങളുമുണ്ട്. നിങ്ങൾ ഇതാ

യാണ് മാറുന്നത്. ഇപ്പോൾ നിങ്ങൾ എല്ലാവരും യാചകരായിരിക്കുന്നു. ഈ ബ്രഹ്മാകുമാരന്മാരും കുമാരിമാരും യാചകരാണ് എന്തെന്നാൽ അവരുടെ കൈയ്യിൽ ഒന്നുമില്ല. ആരുടെ കൈയ്യിലാണോ ഒന്നുമില്ലാത്തത് അവരാണ് യാചകർ. ചിലരെ നമുക്ക് യാചകൻ എന്ന് പറയാൻ കഴിയില്ല. ഈ ബാബയാണ് ഏറ്റവും വലിയ യാചകൻ. ഇവിടെ പൂർണ്ണമായും യാചകനായി മാറണം. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ആസക്തികളെ ഉപേക്ഷിക്കണം. നിങ്ങൾ ഡ്രാമാപ്ലാൻ അനുസരിച്ച് ആസക്തി ഉപേക്ഷിച്ചു. നിശ്ചയബുദ്ധികൾക്ക് അറിയാം, എന്റേതായി എന്തെല്ലാമുണ്ടായിരുന്നോ അതെല്ലാം ബാബയ്ക്ക് നൽകിക്കഴിഞ്ഞു. പറയാറുമുണ്ടല്ലോ– അല്ലയോ ഭഗവാനേ, അങ്ങ് എന്തെല്ലാം നൽകിയോ അതെല്ലാം അങ്ങയുടേതുതന്നെയാണ്, ഞങ്ങളുടേതല്ല. അത് ഭക്തിമാർഗ്ഗമാണ്. ആ സമയത്ത് ബാബ ദൂരെയായിരുന്നു. ഇപ്പോൾ ബാബ വളരെ അടുത്താണ്. മുന്നിൽ ബാബയുടേതായി മാറണം.

നിങ്ങൾ ബാബാ എന്നാണ് വിളിക്കുന്നത്, ബാബയുടെ ശരീരത്തെ നോക്കരുത്. ബുദ്ധി മുകളിലേയ്ക്കാണ് പോകുന്നത്. ഇത് തീർച്ചയായും ലോണെടുത്ത ശരീരമാണ് എങ്കിലും നിങ്ങളുടെ ബുദ്ധിയിലുണ്ട് ഞങ്ങൾ ശിവബാബയോടാണ് സംസാരിക്കുന്നത് എന്ന്. ഇത് വാടകയ്ക്ക് എടുത്ത രഥമാണ്. ബാബയുടേതല്ല. എത്രയും വലിയവരാണോ അതിനനുസരിച്ച് വാടകയും കൂടുതൽ ലഭിക്കും എന്നത് ശരിയാണ്. കെട്ടിടത്തിന്റെ ഉടമസ്ഥൻ നോക്കും– രാജാവാണ് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതെങ്കിൽ 1000 എന്ന വാടകയെ 4000 എന്നു പറയും എന്തുകൊണ്ടെന്നാൽ ഇവർ ധനവാനാണ് എന്ന് ചിന്തിക്കുന്നു. രാജാക്കന്മാർ ഒരിയ്ക്കലും ഇത് കൂടുതലാണ് എന്ന് പറയില്ല. കാരണം അവർക്ക് പൈസയുടെ ഒരു ചിന്തയുമുണ്ടാകില്ല. അവർ സ്വയം ആരോടും സംസാരിക്കില്ല. പ്രൈവെറ്റ് സെക്രട്ടറിയാണ് സംസാരിക്കുക. ഇന്നാണെങ്കിൽ കൈക്കൂലിയില്ലാതെ ഒരു കാര്യവും നടക്കില്ല. ബാബ വളരെ അനുഭവിയാണ്. അവർ വളരെ രാജകീയമായിരിക്കും. സാധനം ഇഷ്ടപ്പെട്ടാൽ അതുമതി, സെക്രട്ടറിയോട് പറയും ഇവരുമായി ചർച്ചചെയ്ത് തീരുമാനമെടുത്ത് സാധനവുമായി വരൂ. സാധനങ്ങളെല്ലാം ഇങ്ങനെ തുറന്നുവെയ്ക്കും. മഹാരാജാവ്– മഹാറാണി രണ്ടുപേരും വരും, ഏത് സാധനം ഇഷ്ടമായോ അതിനായി കേവലം കണ്ണുകൊണ്ട് സൂചന നൽകും. സെക്രട്ടറി സംസാരിച്ച് സാധനങ്ങളിൽ നിന്നും ആവശ്യമായത് എടുക്കുന്നു. ചില രാജാക്കന്മാർ കൂടെ പൈസയും കൊണ്ടുവരും എന്നിട്ട് ഇവർക്ക് പൈസ നൽകൂ എന്ന് സെക്രട്ടറിയോട് പറയും. ബാബ എല്ലാവരുമായും ബന്ധത്തിൽ വന്നിട്ടുണ്ട്. അറിയാം എങ്ങനെ എങ്ങനെയെല്ലാമാണ് അവർ പെരുമാറുന്നതെന്ന്. എങ്ങനെയാണോ രാജാവിന്റെ പക്കൽ ധനം സൂക്ഷിക്കാൻ ആളുള്ളത് അതുപോലെ ശിവബാബയുടെ പക്കലും ധനം സൂക്ഷിക്കാൻ ആളുണ്ട്. ബ്രഹ്മാവ് ട്രസ്റ്റിയാണ്. ബ്രഹ്മാബാബയ്ക്ക് ഇതിൽ ഒരു മോഹവുമില്ല, ഇവർ തന്റെ പണത്തിൽപ്പോലും മോഹം വെച്ചില്ല, എല്ലാം ശിവബാബയ്ക്ക് നൽകി പിന്നീട് ശിവബാബയുടെ ധനത്തിൽ എങ്ങനെ മോഹം വെയ്ക്കും. ഇവർ നോക്കിനടത്തിപ്പുകാരാണ്. ഇന്നുകാലങ്ങളിൽ ഗവൺമെന്റ് ആരുടെ കൈവശമാണ് പണമുള്ളത് എന്ന് എത്ര പരിശോധനകളാണ് നടത്തുന്നത്. വിദേശത്തുനിന്ന് വരുകയാണെങ്കിൽ പൂർണ്ണമായും പരിശോധന നടത്തുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം എങ്ങനെ യാചകനാകണമെന്ന്. ഒന്നും ഓർമ്മ വരരുത്. ആത്മാവ് അശരീരിയായി മാറണം. ഈ ശരീരത്തെപ്പോലും തന്റേതാണ് എന്ന് കരുതരുത്. അച്ഛൻ മനസ്സിലാക്കിത്തരുന്നു, സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ, ഇപ്പോൾ നിങ്ങൾക്ക് തിരിച്ചുപോകണം. യാചകനായി മാറേണ്ടത് എങ്ങനെയാണ് എന്നത് നിങ്ങൾക്ക് അറിയാം. ശരീരത്തോടുള്ള മമത്വവും ഇല്ലാതാകണം. താങ്കൾ മരിച്ചാൽ ലോകവും മരിച്ചു. ഇതാണ് ലക്ഷ്യം. ബാബ ശരിയാണ് പറയുന്നത് എന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. ഇപ്പോൾ നമുക്ക് തിരിച്ചുപോകണം. ശിവബാബയ്ക്ക് നിങ്ങൾ എന്തെല്ലാം നൽകുന്നുണ്ടോ, അതിന് പ്രതിഫലം അടുത്ത ജന്മത്തിൽ ലഭിക്കും അതിനാലാണ് പറയുന്നത് ഇതെല്ലാം ഈശ്വരനാണ് നൽകിയത് എന്ന്. മുൻജന്മങ്ങളിൽ ഇങ്ങനെയുള്ള നല്ല കർമ്മങ്ങൾ ചെയ്തിട്ടുണ്ട് അതിന്റെ ഫലമാണ് ലഭിക്കുന്നത്. ശിവബാബ ആരുടേയും എടുത്തുവെയ്ക്കില്ല. വലിയ വലിയ രാജാക്കന്മാരുടേയും ഭൂവുടമകളുടേയും മുന്നിൽ കാണിക്ക വെയ്ക്കുന്നു. ചിലർ കാണിക്ക സ്വീകരിക്കുന്നു, ചിലർ സ്വീകരിക്കുന്നില്ല. അവിടെ നിങ്ങൾ ഒരു ദാന പുണ്യവും ചെയ്യില്ല കാരണം അവിടെ എല്ലാവരുടെ പക്കലും അളവില്ലാത്ത ധനമുണ്ട്. ആർക്കാണ് ദാനം നൽകുക. പാവങ്ങൾ അവിടെ ഉണ്ടാകില്ല. നിങ്ങൾ തന്നെയാണ് യാചകനിൽ നിന്നും ധനവാനും, ധനവാനിൽ നിന്നും യാചകനുമായി മാറുന്നത്. പറയാറില്ലേ ഞങ്ങൾക്ക് ശക്തി നൽകൂ. കൃപ കാണിക്കൂ. മുമ്പ് തുടക്കത്തിലും ശിവബാബയോട് യാചിക്കുമായിരുന്നു. പിന്നീട് തെറ്റായ മാർഗ്ഗത്തിൽ വന്നപ്പോൾ എല്ലാവരുടേയും മുന്നിൽചെന്ന് ചോദിക്കാൻ തുടങ്ങി. സഞ്ചി നിറക്കൂ എന്ന് പറയുന്നു. എത്ര കല്ലുബുദ്ധികളാണ്. കല്ലുബുദ്ധിയിൽ നിന്നും പവിഴബുദ്ധിയാക്കി മാറ്റുന്നു എന്ന് പറയാറുണ്ട്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം. പാട്ടുണ്ടല്ലോ അതീന്ദ്രിയ സുഖം എന്താണ് എന്ന് അറിയണമെങ്കിൽ ഗോപീ വല്ലഭന്റെ ഗോപ ഗോപികമാരോട് ചോദിക്കൂ. ആർക്കെ

ങ്കിലും വളരെ ലാഭം ഉണ്ടാവുകയാണെങ്കിൽ അവർ വളരെ സന്തുഷ്ടരാകും. എങ്കിൽ നിങ്ങൾ കുട്ടികൾക്കും വളരെ അധികം സന്തോഷം ഉണ്ടാകണം. നിങ്ങൾക്ക് 100 ശതമാനം സന്തോഷം ഉണ്ടായിരുന്നു പിന്നീട് കുറഞ്ഞുവന്നു. ഇപ്പോഴാണെങ്കിൽ ഒന്നുമില്ല. ആദ്യം പരിധിയില്ലാത്ത സാമ്രാജ്യം ഉണ്ടായിരുന്നു. പിന്നീട് അല്പകാലത്തിലെ പരിധിയുള്ള രാജധാനിയായി അതുമാറി. ഇന്ന് ബിർളയുടെ പക്കൽ എത്ര സമ്പത്താണ്. ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു, അതുകൊണ്ട് ഒന്നും ലഭിക്കില്ല. പാവങ്ങൾക്ക് എന്തെങ്കിലും നൽകുന്നില്ലല്ലോ. മനുഷ്യർ വന്ന് തലകുമ്പിടുന്നതിനായി ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. അഥവാ പാവങ്ങൾക്ക് ദാനം ചെയ്യുകയാണെങ്കിൽ അതിന്റെ പ്രതിഫലമായി എന്തെങ്കിലും ലഭിക്കും. ധർമ്മശാല നിർമ്മിക്കുകയാണെങ്കിൽ വളരെ അധികം ആളുകൾ അവിടെ വന്ന് വിശ്രമിക്കും അതിന്റെ ഫലമായി അടുത്ത ജന്മത്തിൽ അല്പകാലത്തിലേയ്ക്ക് സുഖം ലഭിക്കും. ആരെങ്കിലും ആശുപത്രി നിർമ്മിക്കുകയാണെങ്കിൽ അല്പകാലത്തേക്കായി ഒരു ജന്മത്തേക്ക് സുഖം ലഭിക്കും. അതിനാൽ പരിധിയില്ലാത്ത അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഈ പുരുഷോത്തമ സംഗമയുഗത്തിന് വളരെ അധികം മഹിമയുണ്ട്. പുരുഷോത്തമരായി മാറുന്ന നിങ്ങൾക്കും വളരെ മഹിമയുണ്ട്. നിങ്ങൾ ബ്രാഹ്മണരെ മാത്രമാണ് ഭഗവാൻ വന്ന് പഠിപ്പിക്കുന്നത്. ഭഗവാൻ തന്നെയാണ് ജ്ഞാനസാഗരൻ. ഈ മുഴുവൻ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജരൂപമാണ്. മുഴുവൻ ഡ്രാമയുടേയും ആദി മദ്ധ്യ അന്ത്യ രഹസ്യം മനസ്സിലാക്കിത്തരുന്നു. നിങ്ങളെ എന്താണ് പഠിപ്പിക്കുന്നത് എന്ന് നിങ്ങളോട് ചോദിക്കും! പറയൂ, എന്താ നിങ്ങൾ മറന്നുപോയോ– ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുമെന്ന് ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇതിന്റെ അർത്ഥം നിങ്ങൾ ഇപ്പോളാണ് മനസ്സിലാക്കുന്നത്. പതിതരായ രാജാക്കന്മാർ പാവനമായ രാജാക്കന്മാരുടെ പൂജ ചെയ്യുന്നു അതിനാലാണ് അച്ഛൻ പറയുന്നത് നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നുവെന്ന്. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നില്ലേ. സ്വർഗ്ഗത്തിലെ ദേവതകളെ ദ്വാപര കലിയുഗങ്ങളിൽ എല്ലാവരും നമിക്കുകയും പൂജിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങൾ ഇപ്പോഴാണ് നിങ്ങൾ മനസ്സിലാക്കുന്നത്. ഭക്തർ എന്തെങ്കിലും മനസ്സിലാക്കുന്നുണ്ടോ. അവർ കേവലം ശാസ്ത്രങ്ങളിലെ കഥകൾ കേൾക്കുകയും പഠിക്കുകയും ചെയ്യുന്നു. ബാബ പറയുന്നു– നിങ്ങൾ അരകല്പമായി ഏത് ഗീതയാണോ പഠിക്കുകയും കേൾക്കുകയും ചെയ്തത്, അതിൽ നിന്ന് എന്തെങ്കിലും പ്രാപ്തിയുണ്ടായോ? വയറ് നിറഞ്ഞില്ലല്ലോ. ഇപ്പോൾ നിങ്ങളുടെ വയറ് നിറയുകയാണ്. നിങ്ങൾക്ക് അറിയാം ഈ പാർട്ട് ഒരു തവണ മാത്രമാണ് നടക്കുന്നത്. സ്വയം ഭഗവാൻ പറയുന്നു ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുന്നു. ബാബ ഇവരിലൂടെ സംസാരിക്കുന്നുവെങ്കിൽ തീർച്ചയായും പ്രവേശിക്കും. എന്താ മുകളിൽ നിന്ന് നേരിട്ട് തരുമോ! ഞാൻ സന്മുഖത്ത് വരുന്നു എന്നാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഈ ബ്രഹ്മാവിനും ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ അറിഞ്ഞുകൊണ്ടിരിക്കുന്നു. അല്ലാതെ ഗംഗയിലെ ജലം പാവനമാക്കുന്നതല്ല, ബ്രഹ്മാവിനെ ബാബ ബൂട്ട് എന്ന് പറയും, പെട്ടി എന്നും പറയും. ഈ പെട്ടിയിൽ ഒരു വജ്രമുണ്ട്. എത്ര ഫസ്റ്റ് ക്ലാസായ സാധനമാണ്. ഇത് വെക്കേണ്ടത് സ്വർണ്ണത്തിന്റെ പെട്ടിയിലാണ്. സ്വർണ്ണിമ യുഗത്തിലെ പെട്ടി നിർമ്മിക്കുകയാണ്. ബാബ പറയുന്നു– അലക്കുകാരന്റെ വീട്ടിൽ നിന്ന് മന്ത്രജപം... ഇതിനെ പറയാം മന്ത്രജപം. ഈ മന്ത്രജപത്തിലൂടെ സെക്കന്റിലാണ് ജീവന്മുക്തി, അതിനാലാണ് ബാബയെ മാന്ത്രികൻ എന്നു പറയുന്നത്. നമ്മൾ ഇതായി മാറും എന്ന് സെക്കന്റിൽ നിശ്ചയം ഉണ്ടാകണം. ഈ കാര്യങ്ങൾ നിങ്ങൾ ഇപ്പോൾ പ്രാക്ടിക്കലായി കേൾക്കുകയാണ്. മുമ്പ് സത്യനാരായണന്റെ കഥ കേൾക്കുമ്പോൾ ഇത് മനസ്സിലായിരുന്നോ? ആ സമയത്ത് കഥ കേൾക്കുമ്പോഴും വിദേശവും കപ്പലുമൊക്കെയായിരിക്കും ഓർമ്മയിൽ. സത്യനാരായണന്റെ കഥ കേട്ടതിനുശേഷം തീർത്ഥാടനത്തിനുപോകുന്നു. പിന്നീട് അവർ തിരിച്ചുവരുമായിരുന്നു. അച്ഛൻ പറയുന്നു നിങ്ങൾക്ക് ഇനി ഈ മോശമായ ലോകത്തിലേയ്ക്ക് തിരിച്ചുവരേണ്ടതേയില്ല. ഭാരതം അമരലോകം, ദേവീ ദേവതകളുടെ രാജ്യമായിരുന്നു. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിലെ അധികാരികളായിരുന്നില്ലേ. ഇവരുടെ രാജ്യത്തിൽ പവിത്രതയും സുഖ ശാന്തിയും ഉണ്ടായിരുന്നു. ലോകവും ഇതാണ് ആവശ്യപ്പെടുന്നത്– വിശ്വത്തിൽ ശാന്തിയുണ്ടാകണം, എല്ലാവരും ഒരുമിച്ച് ഒന്നാകണം. ഇപ്പോൾ ഈ എല്ലാ ധർമ്മങ്ങളും എങ്ങനെ ഒന്നാകും! ഓരോരുത്തരുടേയും ധർമ്മം വേറെയാണ്, രീതികൾ വേറെയാണ്, വേറിട്ട എല്ലാംകൂടി എങ്ങനെ ഒന്നാകും! അത് ശാന്തിധാമവും സുഖധാമവുമാണ്. അവിടെ ഒരു ധർമ്മം ഒരു രാജ്യമാണുള്ളത്. ശബ്ദമുയരാൻ രണ്ടാമതായി ഒരു ധർമ്മമില്ല. വിശ്വത്തിൽ ശാന്തി എന്ന് അതിനെയാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളെ അച്ഛൻ പഠിപ്പിക്കുകയാണ്. അതും അറിയാം എല്ലാ കുട്ടികളും ഏകരസമായല്ല പഠിക്കുന്നത്. നമ്പർവൈസ് തന്നെയായിരിക്കും. ഇവിടെയും രാജധാനി സ്ഥാപിക്കുകയാണ്. കുട്ടികളെ എത്ര വിവേകശാലിയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

ഇത് ഈശ്വരീയ യൂണിവേഴ്സിറ്റിയാണ്. ഭക്തർ ഇത് മനസ്സിലാക്കുന്നില്ല. ഭഗവാനുവാചാ എന്ന് അനേകം തവണ കേട്ടിട്ടുമുണ്ട് എന്തെന്നാൽ ഭാരതവാസികളുടെ ധർമ്മശാസ്ത്രം തന്നെ ഗീതയാണ്. ഗീതയ്ക്ക്

അപരം അപാരമായ മഹിമയുണ്ട്. സർവ്വശാസ്ത്ര ശിരോമണി ഭഗവത്ഗീതയാണ്. ശിരോമണി അർത്ഥം ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ പതിത പാവനൻ സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേഒരു ഭഗവാനാണ്, അവർ സർവ്വാത്മാക്കളുടേയും അച്ഛനാണ്. ഭാരതവാസി അർത്ഥം മനസ്സിലാക്കുന്നില്ല. മനസ്സിലാക്കാതെ വെറുതേ സഹോദരങ്ങളാണ് എന്ന് പറയുക മാത്രം ചെയ്യുന്നു. ഇപ്പോൾ അച്ഛൻ നിങ്ങൾക്ക് മനസ്സിലാക്കി ത്തന്നിട്ടുണ്ട് നമ്മൾ സഹോദരങ്ങളാണ്. നമ്മൾ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. ഇവിടെ പാർട്ട് അഭിനയിച്ച് അഭിനയിച്ച് നമ്മൾ അച്ഛനെത്തന്നെ മറന്നുപോകുന്നു, അതിനാൽ വീടിനേയും മറക്കുന്നു. ഏത് അച്ഛനാണോ ഭാരതത്തിന് മുഴുവൻ വിശ്വരാജ്യ അധികാരം നൽകിയത് അവരെത്തന്നെ മറന്നുപോയി. ഈ മുഴുവൻ രഹസ്യങ്ങളും അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യുന്നതിനായി സ്മൃതിയിലുണ്ടാകണം ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇപ്പോൾ ഭഗവാൻ നമ്മളെ പഠിപ്പിക്കുകയാണ്, ഇതിലൂടെ നമ്മൾ രാജാക്കന്മാരുടേയും രാജാവായി മാറും. ഇപ്പോൾ മാത്രമാണ് നമുക്ക് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുള്ളത്.

2. ഇപ്പോൾ നമുക്ക് തിരിച്ച് പോകണം അതിനാൽ ഈ ശരീരത്തിൽ നിന്നുപോലും പൂർണ്ണമായും യാചകനായി മാറണം. ഇതിനെ മറന്ന് സ്വയം അശരീരിയായ ആത്മാവാണെന്നു മനസ്സിലാക്കണം.

## വരദാനം:- സദാ സന്തുഷ്ടരായിരുന്ന് തന്റെ ദൃഷ്ടി, ഭാവന, കർമ്മത്തിലൂടെ സന്തുഷ്ടതയുടെ അനുഭൂതി ചെയ്യിപ്പിക്കുന്ന സന്തുഷ്ടമണിയായി ഭവിക്കട്ടെ.

ബ്രാഹ്മണകുലത്തിൽ വിശേഷ ആത്മാക്കൾ അവരാണ് ആരാണോ സദാ സന്തുഷ്ടതയുടെ വിശേഷതയിലൂടെ സ്വയം സന്തുഷ്ടരായിരിക്കുകയും ഒപ്പം തന്റെ ദൃഷ്ടി, ഭാവന, കർമ്മത്തിലൂടെ മറ്റുള്ളവരെയും സന്തുഷ്ടതയുടെ അനുഭൂതി ചെയ്യിപ്പിക്കുന്നത്. ആരാണോ സദാ സങ്കല്പം, വാക്ക്, കൂട്ടായ്മയുടെ സംബന്ധ-സമ്പർക്കത്തിലും കർമ്മത്തിലും ബാപ്ദാദ മുഖേന തന്റെ മേൽ സന്തുഷ്ടതയുടെ സുവർണ്ണപുഷ്പങ്ങൾ വർഷിക്കുന്നതിന്റെ അനുഭവം ചെയ്യുന്നത്, അവർ തന്നെയാണ് സന്തുഷ്ട മണികൾ. അങ്ങനെയുള്ള സന്തുഷ്ട മണികൾ തന്നെയാണ് ബാപ്ദാദയുടെ കഴുത്തിലെ മണിയായി മാറുന്നതും രാജ്യാധികാരിയായി മാറുന്നതും ഭക്തരുടെ സ്മരണ മാലയാകുന്നതും.

## സ്ലോഗൻ:- നെഗറ്റിവിനെയും വ്യർത്ഥത്തെയും സമാപ്തമാക്കി പരിശ്രമ മുക്തരാകൂ.